നമ്പർ: സ്പോർട്സ്(2)/84347/07

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം തീയതി, 23-06-2009

**സർക്കുലർ**

വിഷയം : സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി - കായികക്ഷമതാ പരിശോധന പൂർത്തിയാക്കി ഫലങ്ങൾ അറിയിക്കുന്നതു സംബന്ധിച്ച് -

വിഷയം : 1. സർക്കാർ ഉത്തരവ്: ജി.ഒ.(എംഎസ്) നമ്പർ 10/08/പൊ.വി. തിയതി 02.01.2008
2. സംസ്ഥാനത്ത് ആരോഗ്യ കായിക വിദ്യാഭ്യാസം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക മ്യൂസിയം സെമിനാർ ഹാളിൽ 6.6.09-ൽ നടന്ന ഉന്നതതല യോഗത്തിന്റെ മിനിട്സ്.

സംസ്ഥാനത്ത് വിദ്യാഭ്യാസം, ആരോഗ്യം, സ്പോർട്സ്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടു കൂടി സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ. കഴിഞ്ഞ അക്കാദമിക് വർഷം മുതൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

കുട്ടികളുടെ കായികക്ഷമത തിട്ടപ്പെടുത്തുക; അവരിലെ കായികക്ഷമതാ സംബന്ധമായ കുറവുകൾ കണ്ടുപിടിക്കുക, ശരാശരി നിലവാരം ഉള്ളവരെ കഠിനമായ വ്യായാമ മുറകളിലൂടെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക, ശരാശരിയിൽ കുറഞ്ഞ നിലവാരമുള്ള കുട്ടികൾക്ക് അവരിൽ കായികക്ഷമതയുടെ ഏത് ഘടകമാണ് അപര്യാപ്തമെന്ന് ബോദ്ധ്യപ്പെടുത്തുകയും ആ കുറവ് പരിഹരിക്കുന്നതിനുള്ള വ്യായാമ ക്രമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, എന്നിങ്ങനെയുള്ള വിപുലമായ ഉദ്ദേശങ്ങളാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

സംസ്ഥാന സർക്കാറിന്റെ ഈ പദ്ധതി ഈ വർഷവും ഗംഭീര വിജയമാക്കേണ്ട ബാദ്ധ്യത വിദ്യാഭ്യാസ വകുപ്പിലെ ഓരോ വ്യക്തിക്കും ഉള്ളതാണ്. സമ്പൂർണ്ണ കായികക്ഷമത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഓരോ സ്കൂളുകളിലും നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുൻകൈ എടുക്കേണ്ടതാണ്. ഈ സർക്കുലറിന്റെ പകർപ്പ് ഓരോ സ്കൂളുകളിലും എത്തിക്കാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ/ഉപ ജില്ലാ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്. മാസം തോറും നടക്കുന്ന ഹെഡ്മാസ്റ്റർമാരുടെ യോഗത്തിലും ടി വിഷയം അറിയിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ:-

1) സമ്പൂർണ്ണ കായികക്ഷമതാ പരിശോധന 5-ാം ക്ലാസു മുതൽ 10-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടേത് ആഗസ്റ്റ് 30-ാം തീയതിക്കു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.
2) പരിശോധനാ ഫലങ്ങൾ ഐ. ടി. @ സ്കൂൾ നൽകിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി www.tpfp.org എന്ന വെബ്സൈറ്റിൽ ആഗസ്ത് 30-ാം തീയതിക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
3) കായികക്ഷമതാപരിശോധനയിൽ ഗ്രേഡ്, എ, ബി, സി നേടിയവർക്കുള്ള രണ്ടാം തല പരിശോധന സെപ്റ്റംബർ അവസാന വാരങ്ങളിൽ നടത്തുന്നതാണ്.
4) കായിക പരിശോധന പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ എണ്ണവും മറ്റു വിവരങ്ങളും എല്ലാ ഹെഡ്മാസ്റ്റർമാരും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ അറിയിക്കേണ്ടതാണ്.

23/6/09

OF THE DIRECTOR OF PUBLIC INSTRUCTION TVPM 695 014

23/6/09

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:
വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ